90

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in | സ്വാതന്ത്ര്യ ദിനാശംസകൾ | 15 AUGUST 2025

### യുവ സംരംഭകർക്ക് ഭക്ഷ്യ സംസ്കരണ മേഖലയിൽ ചിറകടിച്ചുയരാൻ

## പിഎംഎഫ്എംഇ - കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സെന്റർ

















പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ) പദ്ധതിയുടെ ഭാഗമായി, തൃശ്ശൂരിലെ വെള്ളാനിക്കരയിലുള്ള കേരള കാർഷിക സർവകലാശാലയുടെ (KAU) അഗ്രി ബിസിനസ് ഇൻകുബേറ്ററിൽ സ്ഥാപിച്ച കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ (CIF) ഉദ്ഘാടനം 2025 ഓഗസ്റ്റ് 12ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. ബഹു. റെവന്യൂ & ഭവന മന്ത്രി ശ്രീ. കെ. രാജൻ അധ്യക്ഷനായിരുന്നു.

കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (MoFPI) 2.75 കോടി രൂപയുടെ സാമ്പത്തിക സഹായത്തോടെയാണ് കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ നിർമാണം പൂർത്തിയാക്കിയിരിക്കുന്നത്. കേരളത്തിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, സൂക്ഷ്മ ഭക്ഷ്യ സംസ്കരണ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് കോമൺ ഇൻകുബേഷൻ ഫെസിലിറ്റി സൗകര്യം പൊതുജനങ്ങൾക്കായി/ സംരംഭകർക്കായി ലഭ്യമാക്കിയിരിക്കുന്നത്.

**പ്രാദേശിക മൂല്യവർധിത ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനും സംരംഭ വികസനം മുന്നോട്ട് കൊണ്ടുപോകുന്നതിനും കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സെന്റർ സുപ്രധാന നാഴികക്കല്ലാണ്.**

കേരള കാർഷിക സർവകലാശാലയുടെ മേൽനോട്ടത്തിൽ കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന് (MoFPI) കീഴിൽ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പിഎംഎഫ്എംഇ പദ്ധതിക്ക് കീഴിൽ 2.75 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സ്ഥാപിച്ചിരിക്കുന്നത്. അരി, സുഗന്ധവ്യഞ്ജനങ്ങൾ, പഴങ്ങളും പച്ചക്കറികളും ഉൾപ്പെടെയുള്ള തൃശൂർ മേഖലയിലെ ഉൽപ്പന്നങ്ങളുടെ ഭക്ഷ്യ സംസ്കരണ ആവശ്യങ്ങൾ ഇതിലൂടെ നിറവേറ്റപ്പെടും. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷമ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കും ഇൻകുബേഷൻ ഫെസിലിറ്റി ലഭ്യമാക്കുന്ന തരത്തിലാണ് കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ പ്രവർത്തനങ്ങൾ സജ്ജമാക്കിയിരികുന്നത്.

8485 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ അത്യാധുനിക കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയിലൂടെ, 600-ലധികം സൂക്ഷ്മ ഭക്ഷ്യ സംരംഭകർക്ക് ആധുനിക യന്ത്രസാമഗ്രികൾ, പരിശീലനം, സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിലൂടെ അവരെ ശാക്തീകരിക്കുന്നതിനും ഉന്നതിയിലേക്ക് ഉയർത്തുന്നതിനും വഴി തുറക്കുന്നു. കൂടാതെ കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ പൂർത്തീകരണത്തിലൂടെ കേരളത്തിന്റെ ഭക്ഷ്യ സംസ്കരണ മേഖല ശക്തിപ്പെടുന്നതിനോടൊപ്പം അടിസ്ഥാനതല തൊഴിൽ നവീകരണം, സുസ്ഥിര സാമ്പത്തിക വളർച്ച എന്നിവയ്ക്കും കാരണമാകും.

കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സെന്റർ പ്രവർത്തന സജ്ജമായതോടെ പ്രാദേശിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് സമുന്നതിയിലേക്ക് കുതിച്ചുയരുന്നതിനും സുസ്ഥിര ഉപജീവന അവസരങ്ങൾ സൃഷ്ടിച്ചെടുക്കാനും, കേരളത്തിന്റെ ഭക്ഷ്യ സംസ്കരണത്തിൽ സ്വാശ്രയത്വം എന്ന വിശാലമായ കാഴ്ചപ്പാടിനെ യാഥാർത്ഥ്യമാക്കാനും സാധിക്കും. ഇങ്ങനെ കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സെന്ററിൽ നിന്നും ഉത്പാദിപ്പിച്ചു യു.എ.ഇയിലേക്ക് കയറ്റുമതി ചെയ്യുന്ന ഭക്ഷ്യ ഉത്പന്നങ്ങളുടെ ഫ്ളാഗ്ഓഫ് കർമ്മവും ബഹു. വ്യവസായ മന്ത്രി ഈ അവസരത്തിൽ നിർവ്വഹിച്ചു .

ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെബിപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ കേരള കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ബി. അശോക് ഐ.എ.എസ്, ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്, മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഇന്ദിരാ മോഹനൻ, കെബിപ്പ് സി.ഇ.ഒ ശ്രീ. സൂരജ് എസ്., കാർഷിക സർവകലാശാല അഗ്രിക്കൾച്ചർ കോളേജ് ഡീൻ ഡോ. മാണി ചെല്ലപ്പൻ, കാർഷിക സർവകലാശാല അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി ഡോ. കെ.പി. സുധീർ വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. ജി. രാജീവ്, തൃശൂർ ഡിഐസി ജനറൽ മാനേജർ ശ്രീമതി. എസ്. ഷീബ, വാർഡ് കൗൺസിലർ ശ്രീ. എം.എസ്. ഷിനോജ് കെ.എസ്.എസ്.ഐ.എ. സ്റ്റേറ്റ് ട്രഷറർ ശ്രീ. ബി. ജയകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

# പഴമയിലും പൊലിമയോടെ കൈത്തറി

## ദേശീയ കൈത്തറി ദിനം ആഘോഷിച്ചു






കൈത്തറി മേഖലയിലെ കേരളത്തിൻറെ ദീർഘകാല പാരമ്പര്യം, ഗുണനിലവാരം, വൈവിധ്യം, പുതിയ പ്രവണതകൾ എന്നിവ പ്രദർശിപ്പിക്കുന്ന വൈവിധ്യമാർന്ന പരിപാടികളോടെ 2025 ഓഗസ്റ്റ് 07നു ദേശീയ കൈത്തറി ദിനം ആഘോഷിച്ചു. തിരുവനന്തപുരം ഫോർട്ട് മാന്വർ ഹോട്ടലിൽ വച്ച് സംഘടിപ്പിച്ച സംസ്ഥാനതല പരിപാടി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള കൈത്തറി - ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റും ഹാൻഡ് ലൂം മാർക്കും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത് കേരളത്തിലെ കൈത്തറി മേഖലയുടെ



വളർച്ചയും നെയ്ത്തുകാരുടെ ഉന്നമനവും ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികൾ ദിനാഘോഷത്തിൻറെ ഭാഗമായി സംഘടിപ്പിച്ചു.

കൈത്തറി മേഖലയ്ക്ക് കുറേക്കൂടി കാര്യക്ഷമമായി മുന്നോട്ടുപോകാനാകണമെന്ന് ബഹു. മന്ത്രി പറഞ്ഞു. ഇതിനായി പുതിയ രീതികളും രൂപകൽപ്പനയും നടപ്പാക്കേണ്ടതുണ്ട്. മാറുന്ന അഭിരുചിക്കനുസരിച്ച് പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കാനാകണം. മേഖലയെ ശക്തിപ്പെടുത്താൻ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള സംസ്ഥാനതല, ജില്ലാതല അവാർഡ് വിതരണവും കൈത്തറി തൊഴിലാളികളെ ആദരിക്കലും ബഹു. മന്ത്രി നിർവ്വഹിച്ചു. പുതിയ രൂപകൽപ്പനയിലൂടെയും ആശയങ്ങളിലൂടെയും കൂടുതൽ പേരെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കാനാകണമെന്ന് ചടങ്ങിന് അധ്യക്ഷത വഹിച്ച വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് പറഞ്ഞു.

തിരുവനന്തപുരം ജില്ലയിൽ പുതിയതായി അനുമതി ലഭിച്ച മൂന്ന് കൈത്തറി ക്ലസ്റ്ററുകളുടെ ഉദ്ഘാടനവും നടന്നു. കൈത്തറി മേഖലയിലെ കേരളത്തിന്റെ ദീർഘകാല പാരമ്പര്യം, ഗുണനിലവാരം, വൈവിധ്യം, പുതിയ പ്രവണതകൾ എന്നിവ പ്രദർശിപ്പിക്കുന്ന വൈവിധ്യമാർന്ന പരിപാടികളോടെയാണ് ദിനാഘോഷം സംഘടിപ്പിച്ചത്. വിവിധ ജില്ലകളിലെ കൈത്തറി ക്ലസ്റ്ററുകളു ടെ നവീന ആശയങ്ങളിലുള്ള ഉൽപ്പന്നങ്ങളുടെ പ്രദർശനം, ഐഐഎച്ച്ടി - സിസിഎഫ്ഡി കണ്ണൂരിലെ വിദ്യാർഥികൾ അവതരിപ്പിച്ച ഫാഷൻ ഷോ എന്നിവ ദിനാഘോഷത്തിലെ പ്രധാന പരിപാടികളായിരുന്നു.

# ഐ.കെ.ജി.എസ്, പുരോഗതി നേരിട്ടറിയാൻ സംരംഭക സംഗമം

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലെ വാഗ്ദാന പദ്ധതികളുടെ നിലവിലെ പുരോഗതി നിക്ഷേപകരിൽ നിന്ന് തന്നെ അറിയുന്നതിനായി വ്യവസായ വകുപ്പ് സംരംഭക സംഗമം സംഘടിപ്പിച്ചു. 2025 ആഗസ്റ്റ് 4 ന് എറണാകുളം വിവാന്ത ഹോട്ടലിൽ സംഘടിപ്പിച്ച ഇൻവെസ്റ്റേഴ്സ് കോൺക്ലേവ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. പ്രഖ്യാപിച്ച നിക്ഷേപ പദ്ധതികളിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അത് നേരിട്ട് പരിഹരിക്കുന്നതിനായാണ് നിക്ഷേപകരെ ഒരുമിച്ചു കൂട്ടി സംരംഭക സംഗമം സംഘടിപ്പിച്ചത്.

ബഹു. മന്ത്രിയുടെ സാനിധ്യത്തിൽ അവതരിപ്പിച്ച പ്രശ്നങ്ങൾക്ക് തത്സമയം തന്നെ പരിഹാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമാണെങ്കിൽ മന്ത്രിതല യോഗം വിളിച്ചു ചേർക്കുമെന്ന് ബഹു. മന്ത്രി വ്യക്തമാക്കി.

നിക്ഷേപ സംഗമത്തിലെ വാഗ്ദാനങ്ങളിൽ 21 ശതമാനം പദ്ധതികളുടെയും പ്രാരംഭപ്രവർത്തനങ്ങൾ ഇതിനോടകം തുടങ്ങാനായത് രാജ്യത്ത് തന്നെ ആദ്യമായിരിക്കും. ഇത് 50 ശതമാനമാക്കാനാണ് സർക്കാരിന്റെ പരിശ്രമം. വാഗ്ദാനമായി വന്ന 429 പദ്ധതികളിൽ 100 എണ്ണവും 2025 ആഗസ്റ്റ് മാസത്തോടെ നിർമ്മാണമാരംഭിക്കും. 94 പദ്ധതികളിൽ നിന്നായി 33734.75 കോടി രൂപയുടെ നിക്ഷേപ പദ്ധതികളുടെ ഈ നിർമ്മാണം പൂർത്തിയാകുന്നതോടെ 47,660 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും.




എല്ലാ നിക്ഷേപവാഗ്ദാനങ്ങളും ഈ വാഗ്ദാനങ്ങളുടെ പുരോഗതിയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡാഷ്ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. പുരോഗതി കൃത്യമായി വിലയിരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ ഉദ്യോഗസ്ഥ തലത്തിലും ബഹു മന്ത്രിയുടെ സാന്നിധ്യത്തിലും അവലോകന യോഗം നടത്തുന്നുണ്ട്. ഒപ്പം മുഖ്യമന്ത്രി അവലോകനം ചെയ്യുന്ന ഇൻവെസ്റ്റ് കേരള പ്രിയോറിറ്റി പദ്ധതികളുടെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ കൂടുതൽ നിക്ഷേപങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ വരും മാസങ്ങളിൽ ആരംഭിക്കും. വൈജ്ഞാനിക സമ്പദ് വ്യവസ്ഥയ്ക്കാവശ്യമായ നൂതന സാങ്കേതിക വിദ്യയിലൂന്നിയ വ്യവസായങ്ങളും ഏറ്റവും മികച്ച നൈപുണ്യ ശേഷി ആവശ്യപ്പെടുന്ന ഉയർന്ന വേതനത്തോടെയുള്ള തൊഴിലുകളുംകേരളത്തിലെത്തിക്കൊണ്ടിരിക്കുയാണ്. ലോകം തന്നെ കേരളത്തെ ഒരു ലക്ഷ്യസ്ഥാനമായി കാണുകയാണ്.

# കയർ തൊഴിലാളികൾക്ക് ഇരട്ടി സന്തോഷം

കയർപിരി തൊഴിലാളികൾക്ക് നിലവിൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമല്ല. വലിയ അപകടങ്ങൾക്ക് സാധ്യത കുറവാണെങ്കിലും യന്ത്രവൽകൃത തറികൾ ഉപയോഗിക്കുന്ന ഘട്ടത്തിൽ ചില അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ഇങ്ങനെയൊരു സാഹചര്യത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഡീഫൈബറിംഗ് യൂണിറ്റ് എന്നീ യന്ത്രവൽകൃത കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ആക്സിഡന്റ് ഇൻഷ്വറൻസും ആശുപത്രി ചികിത്സയും നൽകുന്ന പദ്ധതി പ്രഖ്യാപിക്കുകയാണ്. 1000 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി, സർക്കാർ പ്രീമിയം അടച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 21.28 ലക്ഷം രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാക്കി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ധാരണാപത്രവും ഒപ്പു വെച്ചിട്ടുണ്ട്.

ഇതു കൂടാതെ കയർ വ്യവസായത്തെ കൂടുതൽ ശക്തിയോടെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. നിലവിൽ കയർപിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു കിലോ കയറിന് ₹3.5 മുതൽ ₹6.5 വരെ വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ പരമ്പരാഗത ഇ - റാട്ടിൽ പ്രവർത്തിക്കുന്ന കയർ പിരി തൊഴിലാളികളുടെ ദിവസക്കൂലി 350 രൂപയിൽ നിന്ന് 400 രൂപയാക്കി വർധിപ്പിച്ചു. ഈ കൂലി നൽകുന്നതിനായി 3.5 കോടി രൂപ ചെലവായി കണക്കാക്കിയിട്ടുണ്ട്.


Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.